നെല്ല് സംഭരണത്തിന് ധനസഹായം

83 (1878) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ നെല്ല് സംഭരണ വിപണന-സംസ്ക്കരണ വ്യവസായ സഹകരണ സംഘം (പാഡികോ) എന്ന സ്ഥാപനത്തിന് കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് നെല്ല് സംഭരിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003 ജൂൺ മാസത്തിൽ ഒരു നിവേദനം ലഭിച്ചു.

(ബി&സി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചു വരുന്നു.

നെല്ല് സംഭരണംമൂലം കർഷകർക്കുണ്ടായ നേട്ടം

84 (1879) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പാക്കിയ നെല്ല് സംഭരണംമൂലം കർഷർക്കുണ്ടായ നേട്ടം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഓരോ ജില്ലകളിൽ നിന്നും എത്ര ടൺ നെല്ല് വീതം സംഭരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാർ നെൽ കർഷകർക്ക് നൽകിയ ഏറ്റവും വലിയ സഹായമെന്ന നിലയിൽ അടുത്ത വർഷം ഈ പദ്ധതി കൂടുതൽ വിപുലമായ രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊയ്ത്തു കാലത്ത് നെല്ലിന്റെ വില ക്രമാതീതമായി താഴുന്നത് തടയാനും കർഷകർക്ക് അവരവരുടെ നെല്ലിന് നല്ല വില ലഭിക്കുന്നതിനും നെല്ല് സംഭരണംമൂലം കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം കർഷകർക്ക് ഹെക്ടറിന് 3000 മുതൽ 5000 രൂപ വരെ ലാഭമുണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly